പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ വെൽഫയർ ഓഫീസർ (NCA-OBC) (കാറ്റഗറി നമ്പർ 401/09) തസ്തികയുടെ 27.06.12 ലെ 70/2012/ERV നമ്പർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽ സ്വീകാര്യമായ അപേക്ഷകൾ അയച്ച ഉദ്യോഗാർത്ഥികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ വച്ച് 13.02.2014 ന രാവിലെ 10.15 മണി മുതൽ ഇന്റർവ്യൂ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന അന്നേ ദിവസം രാവിലെ 07.30 മണി മുതൽ നടത്തുന്നതായിരിക്കും.

യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ മെമ്മോ അയച്ചിട്ടുണ്ട്. 10.02.2014 വരെ ടി അറിയിപ്പ് ലഭിക്കാത്തവർ കമ്മീഷന്റെ ആസ്ഥാന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ പ്രമാണ പരിശോധനയ്ക്കായി ആറുമാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (പേര്, ഫോട്ടോ എടുത്ത തീയതി എന്നിവയോടുകൂടിയത്), തിരിച്ചറിയൽ രേഖ, ജനനതീയതി, യോഗ്യത എന്നിവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ, ജാതി തെളിയിക്കുന്നതിലേയ്ക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറുടെ പേര്, ഒപ്പ്, ഓഫീസ് മുദ്ര ഇവ പതിച്ചത്) മുതലായവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും ഹാജരാക്കണം.